ളിൽ നിന്ന് കൂടുതൽ ഓർഡർ വാങ്ങി അതനുസരിച്ചുള്ള കൺവർഷൻ ചാർജ് നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സ്പിന്നിംഗ് മിൽ തുറന്നു പ്രവർത്തിക്കാൻ നടപടി

25 (541)ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലരാമപുരത്തെ അടഞ്ഞുകിടക്കുന്ന തിരുവനന്തപുരം സ്പിന്നിംഗ് മിൽ തുറന്നു പ്രവർത്തിപ്പിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) കാലതാമസം ഒഴിവാക്കി എത്രയും വേഗം ഈ സ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ,ബി) തിരുവനന്തപുരം സ്പിന്നിംഗ് മിൽ ലിമിറ്റഡിന്റെ തുടർന്നുള്ള പ്രവർത്തനത്തെ ഉദ്ദേശിച്ചുകൊണ്ട് ഒരു പുനരുജ്ജീവന പദ്ധതി സംസ്ഥാന സർക്കാരിന്റെയും കിർഫ് ബോർഡിന്റെയും സാമ്പത്തിക സഹായത്തോടെ ഈ സ്ഥാപനത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(സി) ഇക്കാര്യത്തിൽ സർക്കാർ സത്വര നടപടികൾ സ്വീകരിച്ചുവരികയാണ്.

മീനടം സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം സംബന്ധിച്ച പരാതി

25 (541)ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ മീനടം സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് എന്തെങ്കിലും പരാതി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആരുടെ പരാതിയെന്നും എപ്പോൾ കിട്ടിയെന്നും, പരാതിയിൽ ഉന്നയിച്ചിരിക്കുന്ന ആക്ഷേപങ്ങൾ എന്തെല്ലാം എന്നും വ്യക്തമാക്കാമോ;

(സി) ഈ പരാതിയിൻമേൽ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ,ബി) ഉണ്ട്. ശ്രീ സിബി തോമസ്, എന്ന വ്യക്തിയുടെ 12.2.1999-ലെ പരാതി ഗവൺമെന്റിൽ ലഭിച്ചിട്ടുണ്ട്. പരാതിക്കാരൻ പ്രസ്തുത മില്ലിൽ 25,000/- രൂപയുടെ ഷെയർ എടുത്ത് ട്രെയിനിംഗ് പൂർത്തിയാക്കിയിട്ടും ജോലി ലഭിച്ചില്ല എന്നതാണ് പരാതി.

(സി) പരാതിയിൻമേൽ ലഭിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly